## സംസ്ഥാനവാർത്തകൾ

## സഞ്ചരിക്കുന്ന മത്സ്യവിൽപ്പനകേന്ദ്രം 'അന്തിപ്പച്ച' തുടങ്ങി

മത്സ്യപ്രേമികൾക്ക് ഇഷ്ടവിഭവമൊരുക്കി 'അന്തിപ്പച്ച്'. അന്നന്ന് കടലിൽനിന്നു പിടിക്കുന്ന മത്സ്യം മായം ചേർക്കാതെ വൃത്തിയാക്കി മുറിച്ച് ന്യായവിലയ്ക്ക് വിൽക്കുന്ന സഞ്ചരിക്കുന്ന സംവിധാനമാണ് 'അന്തിപ്പച്ച്'. പദ്ധതിയുടെ ഉദ്ഘാടനം സെക്രട്ടറിയറ്റിനു സമീപം മന്ത്രി ജെ. മേഴ്സിക്കുട്ടിഅമ്മ ഉദ്ഘാടനംചെയ്തു. നെത്തോലി, ചാള തുടങ്ങിയ വില കുറഞ്ഞ മത്സ്യങ്ങളാണ് പ്രധാനമായും മൊബൈൽ മാർട്ടിലൂടെ വിൽക്കുന്നത്. ഒറീസ, തമിഴ്നാട്, മംഗലാപുരം എന്നിവിടങ്ങളിൽനിന്നുള്ള രാസപദാർഥങ്ങൾ ചേർന്ന മത്സ്യമാണ് മാർക്കറ്റിൽ പലപ്പോഴും ലഭിക്കുന്നതെന്നും നാട്ടുകാർക്ക് മായം ചേർക്കാത്ത മത്സ്യം നൽകാനാണ് മത്സ്യഫെഡിന്റെ പുതിയ പദ്ധതിയെന്നും മന്ത്രി പറഞ്ഞു. 651 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷനായ മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്ക് മികച്ച പ്രതിഫലം ഉറപ്പാക്കുന്നതിനും നാട്ടുകാർക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**(ദേ.,14/11)**

*****